**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **14-10-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം അംബേദ്കർ സ്റ്റേഡിയത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന അംബേദ്കർ സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണത്തിനായി ജി.സി.ഡി.എ. തയ്യാറാക്കിയ സ്പോർട്സ് സിറ്റി പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി മറ്റേതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | എറണാകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന അംബേദ്കർ സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ. പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി മറ്റ് പദ്ധതികളൊന്നും തന്നെ നിലവിലില്ല. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണ പദ്ധതികൾക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ; | (ബി) | അംബേദ്കർ സ്റ്റേഡിയം സ്പോർട്സ് സിറ്റി - ഫേസ് I ന് ജിസിഡിഎ ബജറ്റ് 2024-25-ൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | അംബേദ്കർ സ്റ്റേഡിയത്തിൽ നിന്നും നിലവിൽ ലഭിക്കുന്ന വരുമാനം എത്രയാണെന്നും പ്രസ്തുത വരുമാനം ഏതെല്ലാം മാർഗങ്ങളിലൂടെയാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | അംബേദ്കർ സ്റ്റേഡിയം കേരള ഫുട്ബോൾ അസോസിയേഷനും മറ്റ് ഫുട്ബോൾ ക്ലബ്ബുകൾക്കും ഫുട്ബോൾ പരിശീലനത്തിനും മത്സരങ്ങൾക്കുമായി അനുവദിച്ചതുവഴി 2024-25 നടപ്പ് സാമ്പത്തിക വർഷം 2024 ഒക്ടോബർ വരെ വാടകയിനത്തിൽ ലഭിച്ച വരുമാനം 1,35,544/- (ഒരു ലക്ഷത്തി മുപ്പത്തയ്യായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) രൂപയാണ്. അംബേദ്കർ സ്റ്റേഡിയം പുനരധിവാസ കെട്ടിടത്തിലെ കടമുറികളിൽ നിന്നും നിലവിൽ പ്രതിമാസം 1,41,466/- രൂപ വാടകയിനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത സ്റ്റേഡിയത്തിന് പിന്നിൽ സ്ഥിതി ചെയ്യുന്നതും റെയിലുകൾക്ക് ഇടയിലായി നിലനിൽക്കുന്നതുമായ കമ്മട്ടിപ്പാടത്തേക്കുള്ള റോഡ് നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പ്രസ്തുത റോഡ് വികസിപ്പിക്കാൻ ജിസിഡിഎയ്ക്ക് നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ